സംസ്ഥാനത്തുള്ള ഫൈൻ ആർട്സ് കോളേജുകളിൽ നിലവിലുള്ള ഒഴിവുകൾ

60 (3701) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഫൈൻ ആർട്സ് കോളേജുകളിൽ നിലവിലുള്ള ലക്ചറർമാരുടെ ഒഴിവിലേക്ക് 1998-ൽ പി. എസ്. സി. പ്രസിദ്ധീകരിച്ച ലക്ചറർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പായി നിയമനം നടത്തുന്നതിന് നടപടികൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ലക്ചറർ പോസ്റ്റിലെ നിയമനത്തിനുള്ള പൊതുയോഗ്യതകൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലേതിന് തുല്യമായ തൃപ്പൂണിത്തുറ ഫൈൻ ആർട്സ് കോളേജിലെ ലക്ചറർ പോസ്റ്റിലുള്ള ഒഴിവുകളിലേക്കും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ & ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിൽ ഒഴിവുണ്ടായിരുന്ന ലക്ചറർമാരുടെ സ്ഥാനത്തേക്ക് നിയമനം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തൃപ്പൂണിത്തുറ ഫൈൻ ആർട്സ് കോളേജ്, കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനമായതിനാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള ഫൈൻ ആർട്സ് കോളേജുകളിലെ ലക്ചറർ പോസ്റ്റുകൾക്കുവേണ്ടി തയ്യാറാക്കിയ റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നിലവിലുള്ള നിയമപ്രകാരം സാധിക്കുകയില്ല.

എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് ശമ്പളം പുതുക്കി നൽകാൻ നടപടി

61 (3702) ശ്രീ. എം. മുരളി :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ കെ. പി. വിശ്വനാഥൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് അവസാനമായി ശമ്പളം പുതുക്കിയത് എന്നാണ് ;

(ബി) 1996-ൽ ഇവർക്ക് ശമ്പള പരിഷ്ക്കരണം നടപ്പാക്കേണ്ടിയിരുന്നതാണോ ;

LIBRARY ARCHIVES Kerala Legislative Assembly